## എലത്തൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

**128 (4931)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് മൈനർ ഇറിഗേഷന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ പേരുവിവരം വാർഷികാടിസ്ഥാനത്തിൽ പദ്ധതി തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എലത്തൂർ നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

## പേരാമ്പ്ര മണ്ഡലത്തിലെ പ്രവൃത്തികൾ

**129 (4932)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര രൂക നീക്കിവച്ചന്നും ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
874/2017.

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ & ബി)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| (1) | (2) | (3) | (4) |
| | ജലസേചന വകുപ്പ് | | |
| 1. | നബാർഡ് ആർ.ഐ.ഡി.എഫ്. XVII - കുത്താളി പഞ്ചായത്തിലെ മാമ്പാട്ടിൽ താഴെ ചെമ്പ്ര കടിയങ്ങാട് പുഴയ്ക്ക് കുറുകെ ആർ.സി.ബി. നിർമ്മാണം. | 167.00 | ആകെ മൂന്ന് സ്പാനുകളുടെ പ്രവൃത്തിയാണ് ചെയ്യാനുള്ളത്. ഇതിൽ 2 സ്പാനുകളിലെ ഡക്ക് സ്ലാബിന്റെയും ഓപ്പറേറ്റിംഗ് സ്ലാബിന്റെയും പ്രവൃത്തി പൂർത്തിയായി. ഒരു സ്പാനിന്റെ പ്രവൃത്തി ബാക്കിയാണ്. |
| 2. | അരിക്കുളം പഞ്ചായത്തിൽ വാർഡ് 5-ൽ താനിയോട്ടുപുറം താഴെതോടിന്റെ നിർമ്മാണം | 15.00 | പ്രവൃത്തി ടെണ്ടർ സ്റ്റേജിലാണ്. |
| 3. | എഫ്.സി. ചെറുവണ്ണൂർ പഞ്ചായത്തിൽ വാർഡ് നം. 12-ൽ തൈവച്ച മണ്ണിൽ കുറ്റ്യാടി പുഴയുടെ ഇടയുകര സംരക്ഷണം. | 25.00 | ടെണ്ടർ നടപടികൾ നടന്നുവരുന്നു. |
| 4. | ചങ്ങരോത്ത് പഞ്ചായത്തിൽ കടിയങ്ങാടിന് സമീപം കാഞ്ഞിരക്കടവത്ത് ചെറുപുഴയ്ക്ക് കുറുകെ വെന്റഡ് വിയർ നിർമ്മാണം. | 86.00 | ടെണ്ടർ നടപടികൾ നടന്നുവരുന്നു. |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 5. | ആർ.എം.എഫ്. ചെറുവണ്ണൂർ പഞ്ചായത്തിൽ വാർഡ് നം.12-ൽ കോവിൽമണ്ണിൽ കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷണം. | 11.00 | പ്രവൃത്തിക്ക് ഉടമ്പടി വച്ചിട്ടുണ്ട്. |
| | പദ്ധതി വിഭാഗം - 1 | | |
| 6. | കെ.വൈ.ഐ.പി.- ടെമ്പററി ഡിവിഷൻ ഓഫീസിലെ ബിൽഡിംഗ് നിർമ്മാണം. | 25.00 | 50% പ്രവൃത്തി പൂർത്തീകരിച്ചു. ബാക്കി പുരോഗമിക്കുന്നു. |
| 7. | കെ.വൈ.ഐ.പി.- ഇടതുകര പ്രധാന കനാൽ ചെ: 8/850 കി.മീ.- മാമ്പള്ളി അക്വഡക്ടിന്റെ അണ്ടർ ടണലിന്റെ പുനർ നിർമ്മാണം. | 40 | 30% പ്രവൃത്തി പൂർത്തീകരിച്ചു. ബാക്കി പുരോഗമിക്കുന്നു. |
| 8. | കെ.വൈ.ഐ.പി.-പാലേരി ഡിസ്ട്രിബ്യൂട്ടറിയിൽ വാർഡ് നം.5-ൽ ചിറകൊല്ലി കുനംപൊയിൽ റോഡ് നിർമ്മാണം പ്രവൃത്തി. | 3.00 | 90% പ്രവൃത്തി പൂർത്തീകരിച്ചു. ബാക്കി പുരോഗമിക്കുന്നു. |
| | കേരള ജല അതോറിറ്റി | | |
| 9. | എ.ആർ. ഡബ്ല്യു.എസ്.എസ്. മാട്ടനോട് അന്നച്ചങ്കണ്ടി കുടിവെള്ള പദ്ധതി. | 41.00 | പണി പൂർത്തീകരിച്ചു. പവർ കണക്ഷൻ ലഭ്യമായി. ട്രയൽ റൺ നടന്നുവരുന്നു. കമ്മീഷൻ ചെയ്തിട്ടില്ല. |
| 10. | ഡെപ്പോസിറ്റ് വർക്ക് - കട്ടങ്കോട് ശുദ്ധജലവിതരണ പദ്ധതി. | 48.50 | വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. മറ്റ് പ്രവൃത്തികൾ പൂർത്തിയായി. |

LIBRARY ARCHIVES Kerala Legislative Assembly

ജലനിധി

ജലനിധിയുടെ രണ്ടാം ഘട്ടത്തിൽ ബാച്ച് ഒന്നിൽ ചെറുവണ്ണൂർ പഞ്ചായത്തിൽ 28 സ്കീമുകൾക്കായി 4.24 കോടി രൂപയും ബാച്ച് രണ്ടിൽ കീഴരിയൂർ പഞ്ചായത്തിൽ 16 സ്കീമുകൾക്കായി 3.87 കോടി രൂപയും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ചെറുവണ്ണൂർ പഞ്ചായത്തിലെ 28 സ്കീമുകളും, കീഴരിയൂർ പഞ്ചായത്തിലെ ആകെയുള്ള 16 സ്കീമുകളിൽ 4 എണ്ണവും കമ്മീഷൻ ചെയ്തുകഴിഞ്ഞു. ബാച്ച് മൂന്നിൽ കോട്ടൂർ പഞ്ചായത്തിലെയും നടുവണ്ണൂർ പഞ്ചായത്തിലെയും പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

**കടലാക്രമണം തടയാൻ നടപടി**

**130 (4933)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നായരമ്പലം തീരപ്രദേശത്ത് താമസിക്കുന്നവരും പ്രൈമറി ഹെൽത്ത് സെന്ററിൽ ജോലി ചെയ്യുന്നവരും രൂക്ഷമായ കടലാക്രമണത്തിന്റെയും കടൽ വെള്ളക്കയറ്റത്തിന്റെയും ഭീതിയിൽ കഴിയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രദേശത്തെ കടലാക്രമണം, കടൽവെള്ളക്കയറ്റം എന്നിവ ശാശ്വതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കുമോ ;

(സി) പ്രസ്തുത പ്രദേശത്ത് ജലവിഭവവകുപ്പ് മുഖാന്തരം നടപ്പാക്കിയ പ്രവൃത്തികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്തെ കടലാക്രമണം, കടൽ വെള്ള കയറ്റം എന്നിവ ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി തീരദേശ പ്രദേശങ്ങളിൽ വിശദമായ പഠനം നടത്തുന്നതിനായി പൂനയിലെ CWPRS എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly